# KPSTA
KERALA PRADESH SCHOOL TEACHERS ASSOCIATION

## നിയമന നിരോധനത്തിനും നീതി നിഷേധത്തിനുമെതിരെ
## ഉപജില്ലാ കേന്ദ്രങ്ങളിൽ
# അധ്യാപകധർണ
### 2017 ജൂലായ് 1 ശനി 10 am

സുഹൃത്തേ,

പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രഖ്യാപനം നടത്തി ഭരണം നടത്തുന്ന ഇടതുമുന്നണി സർക്കാർ ഒരു വർഷം പൂർത്തിയായിട്ടും അധ്യാപകർക്ക് നിയമനാംഗീകാരം നൽകാതെ നിയമന നിരോധനം നടപ്പാക്കുകയാണ്. വർഷങ്ങളായി അനുഭവിച്ചു വന്നിരുന്ന ആനുകൂല്യങ്ങൾ ഒന്നൊന്നായി കവർന്നെടുക്കുകയും നിഷേധിക്കുകയും ചെയ്തിരിക്കുന്നു. 1968 മുതൽ പെൻഷനു പരിഗണിച്ചിരുന്ന ബ്രോക്കൺ സർവ്വീസുകൾ, പരിഗണിക്കരുത് എന്ന 2016 ആഗസ്ത് 5 ന് ഉത്തരവിറക്കുകയും പേറിവിഷൻ അരിയർ പണമായി നൽകുമെന്ന ഉത്തരവ് പിൻവലിച്ച് പി.എഫിൽ നിക്ഷേപിക്കാൻ തീരുമാനിക്കുകയും ചെയ്തു. രാഷ്ട്രീയ പ്രേരിതമായി അധ്യാപകരെ സസ്പെന്റ് ചെയ്തും സ്ഥലം മാറ്റിയും ദ്രോഹ നടപടികൾ തുടരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മറവിൽ വിദ്യാഭ്യാസ രംഗത്തെ ചുവുപ്പുവൽക്കരിക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയും ചെയ്യുന്നു.

അധികാര പ്രമത്തതയും ധാർഷ്ട്യവും മുഖമുദ്രയാക്കി അവകാശങ്ങൾ കവർന്നെടുക്കാനും ഇല്ലാതാക്കാനും നടത്തുന്ന നീക്കങ്ങൾക്കെതിരെയും ചൈതന്യവത്തായ കേരളത്തിന്റെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനും പ്രക്ഷോഭ പരിപാടികൾ ആരംഭിക്കാൻ കെ.പി.എസ്.ടി.എ. സംസ്ഥാന സമിതി തീരുമാനിച്ചിരിക്കുന്നു.

പ്രക്ഷോഭ പരിപാടികളുടെ ഭാഗമായി 2017 ജൂലായ് 1 ശനിയാഴ്ച ഉപജില്ലാ കേന്ദ്രങ്ങളിൽ അധ്യാപകധർണ നടത്തുന്നതാണ്.

- വിദ്യാഭ്യാസ രംഗത്തെ ചുവപ്പുവൽക്കരണം അവസാനിപ്പിക്കുക
- 2016 - 17, 2017 - 18 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടത്തി നിയമനങ്ങൾ നടത്തുക.
- മുഴുവൻ അധ്യാപക നിയമനങ്ങൾക്കും അംഗീകാരം നൽകുക.
- ബ്രോക്കൺ സർവ്വീസ്: ഉത്തരവ് പിൻവലിക്കുക.
- 1:35 അനുപാതം 9, 10 ക്ലാസുകൾക്കും ബാധകമാക്കുക.
- രാഷ്ട്രീയ പകപോക്കൽ അവസാനിപ്പിക്കുക, സസ്പെൻഷനുകൾ പിൻവലിക്കുക.
- ജില്ലാന്തര സ്ഥലംമാറ്റം നേടിയവരുടെ മുഴുവൻ സർവ്വീസും പരിഗണിക്കുക.
- ശമ്പള പരിഷ്കരണത്തിലെ അനോമലികൾ പരിഹരിക്കുക.
- സംരക്ഷിതാധ്യാപകരുടെ തടഞ്ഞുവെച്ച ശമ്പളം നൽകുക. സർവ്വീസ് റെഗുലറൈസ് ചെയ്യുക.
- ഹയർസെക്കണ്ടറി : പ്രതിലോമ നിർദേശങ്ങൾ തള്ളിക്കളയുക
- ചോദ്യപ്പേപ്പർ ചോർച്ച : കുറ്റവാളികൾക്കെതിരെ നടപടിയെടുക്കുക.
- മുഴുവൻ ഹെഡ്മാസ്റ്റർമാരേയും പ്രിൻസിപ്പാൾമാരേയും ക്ലാസ് ചാർജ്ജിൽ നിന്ന് ഒഴിവാക്കുക.
- ഹെഡ്മാസ്റ്റർ പ്രൊമോഷന് സീനിയോറിറ്റി മാത്രം മാനദണ്ഡമാക്കുക
- പാക്കേജിലുൾപ്പെട്ട അധ്യാപകരുടെ 2006 - 2010 കാലത്തെ ശമ്പളം അനുവദിക്കുക.
- കെട്ടിക്കിടക്കുന്ന ഫയലുകൾ അദാലത്ത് നടത്തി തീർപ്പാക്കുക.
- ക്ലസ്റ്റർ കോർഡിനേറ്റർമാരുടെ മുൻകാല സർവ്വീസ് പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകുക.
- എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും പ്രീപ്രൈമറി ആരംഭിക്കുക.പ്രീ പ്രൈമറി അധ്യാപകരുടെ തൊഴിൽ സുരക്ഷ ഉറപ്പു വരുത്തുക. എയ്ഡഡ് സ്കൂളുകളിൽ ഓണറേറിയത്തിന് ഫണ്ട് അനുവദിക്കുക.
- അക്കാഡമിക്ക് എ.ഇ.ഒ., ഡി.ഇ.ഒ. തസ്തിക സൃഷ്ടിച്ച് പ്രൈമറി ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെ പ്രമോട്ട് ചെയ്യുക.
- ശമ്പള കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം പ്രൈമറി അധ്യാപകർ (PST), ഹൈസ്കൂൾ അധ്യാപകർ (HST) എന്ന് പുനർ നാമകരണം ചെയ്യുക.
- വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 5, 8 ക്ലാസുകൾ പുനഃക്രമീകരിക്കുമ്പോൾ അധ്യാപകരുടെ തസ്തിക സംരക്ഷണം ഉറപ്പു വരുത്തുക.
- കുട്ടികൾ കുറവുള്ള സ്കൂളുകളിൽ One teacher per class ഉറപ്പുവരുത്തുക.
- മാനേജ്മെന്റ് അവകാശങ്ങൾ നിലനിർത്തി എയ്ഡഡ് വിദ്യാലയങ്ങളെ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ എന്ന് നാമകരണം ചെയ്ത് SSA/RMSA ഫണ്ടുകൾ എയ്ഡഡ് വിദ്യാലയങ്ങൾക്കും നൽകുക.
- എല്ലാ ജില്ലകളിലും ഹയർസെക്കണ്ടറി ഓഫീസ് അനുവദിക്കുക.
- ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനധ്യാപക തസ്തികകൾ അനുവദിക്കുക.
- IEDC അധ്യാപകർക്ക് തൊഴിൽ സംരക്ഷണം ഉറപ്പവരുത്തുക.
- വർഗ്ഗീയ ഫാസിസവും വർഗ്ഗ ഫാസിസവും പ്രതിരോധിക്കുക.

താങ്കളുടെ സാന്നിധ്യവും സഹകരണവും അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ

ഉപജില്ലാകമ്മിറ്റി

**സംശുദ്ധ വിദ്യാഭ്യാസത്തിന് സംഘടിത മുന്നേറ്റം**